## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6103 — 10.07.2012 ൽ മറുപടിയ്ക്ക്

### ആധുനിക കൃഷി സമ്പ്രദായങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ.റ്റി. ജോർജ്ജ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ആധുനിക കൃഷി സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) ആധുനിക കൃഷി സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2012-13 സാമ്പത്തിക വർഷത്തിൽ ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 2934 ഗ്രീൻ ഹൗസുകൾ, ഒരു പഞ്ചായത്തിൽ മൂന്ന് എന്ന തോതിൽ 978 പഞ്ചായത്തുകളിൽ സ്ഥാപിക്കുവാനും, പൊതുമേഖലയിൽ 21 ഉം സ്വകാര്യമേഖലയിൽ 63 ഉം 500 ച.മീറ്റർ വിസ്തീർണ്ണമുള്ള ഗ്രീൻ ഹൗസ് പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുവാനും, 1000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി, വാഴ തുടങ്ങിയ വിളകളുടെ തുറസ്സായ സ്ഥലത്തുള്ള സൂക്ഷ്മകൃഷി നടത്താനും നടപടികൾ എടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും തയ്യാറാക്കി വരുന്നു. ഹൈടെക് ഫാമിംഗിന്റെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി പൊതു/സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളെ എംപാനൽ ചെയ്യുവാനായി താൽപര്യ പ്രകടന പത്രിക (Expression of Interest) ക്ഷണിക്കുകയും 2 എണ്ണം ലഭിക്കുകയും ചെയ്തിട്ടുണ്ട്. അവ പരിശോധിച്ച് ഉടൻ തന്നെ എംപാനൽ ചെയ്യുന്നതാണ്. പൊതുമേഖലയിലും കർഷകരുടെ കൃഷി സ്ഥലങ്ങളിലും പ്രദർശന യൂണിറ്റുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ ജില്ലയിലും 2 കൃഷി ഓഫീസർമാർ അടങ്ങുന്ന ഒരു ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ ഹൈടെക് ഫാമിംഗിന്റെ നടത്തിപ്പിനായി നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| **(ബി)** | വിത്തു വിതയ്ക്കുന്നതിനും കൊയ്ത്തിനും യന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | **(ബി)** | വിത്ത് വിതയ്ക്കുന്നതിനും വിളവ് കൊയ്യുന്നതിനും ഇപ്പോൾത്തന്നെ യന്ത്രങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. |
| **(സി)** | ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ? | **(സി)** | യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കൊയ്ത്ത് യന്ത്രങ്ങൾ, കൊയ്ത്തുമെതി യന്ത്രങ്ങൾ, ട്രാക്ടറുകൾ, ടില്ലറുകൾ, വിത്തുവിതയന്ത്രങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള ചെറുകിട യന്ത്രവൽക്കരണ പദ്ധതികൾ ഇപ്പോൾ നടത്തിവരുന്നു. പുതിയ യന്ത്രങ്ങൾ വിപണിയിലെത്തുമ്പോൾത്തന്നെ കാർഷിക പരിശീലന പരിശോധനാ വിഭാഗം അവയെ പരിശോധിച്ച് കർഷകർക്ക് ആവശ്യമായ പരിശീലനം നൽകി ഫീൽഡിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകിവരുന്നു. മാത്രമല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതാത് പ്രദേശത്തിന്റെ അനുയോജ്യതയും, ആവശ്യവും മുൻനിർത്തി കൊയ്ത്തുമെതിയന്ത്രങ്ങൾ മുതൽ വിവിധ തരത്തിലുള്ള സ്പ്രേയറുകൾവരെ കൃഷിഭവൻ മുഖാന്തിരം ഗുണഭോക്താക്കൾക്കു നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ